## 674

ഇന്നെയോളം എന്നെ നടത്തി ഇന്നെയോളം എന്നെ പുലർത്തി
എന്റെ യേശു എത്ര നല്ലവൻ അവൻ എന്നെന്നും മതിയായവൻ

1 എന്റെ പാപഭാരമെല്ലാം തന്റെ ചുമലിൽ ഏറ്റുകൊണ്ട്
എനിക്കായ് കുരിശിൽ മരിച്ചു എന്റെ യേശു എത്ര നല്ലവൻ-

2 എന്റെ ആവശ്യങ്ങളറിഞ്ഞ് ആകാശത്തിൻ കിളിവാതിൽ തുറന്ന്
എല്ലാം സമൃദ്ധിയായ് നൽകിടുന്ന എന്റെ യേശു എത്ര നല്ലവൻ-

3 മനോഭാരത്താൽ വലഞ്ഞ് മനോവേദനയാൽ നിറഞ്ഞ്
മനമുരുകി ഞാൻ കരഞ്ഞിടുമ്പോൾ എന്റെ യേശു എത്ര നല്ലവൻ-

4 രോഗശയ്യയിലെനിക്കു വൈദ്യൻ ശോകവേളയിൽ ആശ്വാസകൻ
കൊടുംവെയിലതിൽ തണലുമവൻ എന്റെ യേശു എത്ര നല്ലവൻ-

5 ഒരു നാളും കൈവിടില്ല ഒരു നാളും ഉപേക്ഷിക്കില്ല
ഒരുനാളും മറുക്കുകില്ല എന്റെ യേശു എത്ര വിശ്വസ്തൻ-

6 എന്റെ യേശു വന്നിടുമ്പോൾ തിരുമാർവ്വോടണഞ്ഞിടും ഞാൻ
പോയപോൽ താൻ വേഗം വരും എന്റെ യേശു എത്ര നല്ലവൻ- G.V.